# എരിയുന്ന അസ്ഥികൂടങ്ങൾ

സ്ത്രീ....
നിൻ ജന്മം പുണ്യമോ; നീയൊരു
സാന്ത്വനമോ? തേടുന്നു വൃഥാ
കൊഴിയുന്ന സായങ്ങളിൽ
കരയുന്ന മിഴിയുമായ്
ടി.വി -യിൽ മുഴുകുമ്പോൾ
വ്യർത്ഥമാം നിൻ ജീവിത-
യാഥാർത്ഥ്യമറിയുന്നുവോ
നീയാരെന്ന സത്യം?

ദൈവഹിതം: നീയന്യയായടിമയാ-
യാദാമിൻ വാരിയെല്ലിൽ
തുടങ്ങുന്നു നിന്നനന്തവാസം.
സൂര്യനുറങ്ങാത്ത നാടിന്നുടമകൾ;
കൗമാരം തുടിക്കും നിന്നലസാംഗം
വിവസ്ത്രയായ് തെരുവിൽ വിലപേശിയും
നിന്നടിമത്ത്വത്തിൻ മാറാല തകർത്തു
മോചിതയായതും നീ മറന്നോ?
സ്തന്യം വിലക്കി, പെൺകുഞ്ഞിനു
മണൽ തൊട്ടിലൊരുക്കിയുയിരോടെ
മണൽ മൂടി; പെൺകുഞ്ഞപമാന
മെന്നലറിയ സമൂഹമേ; പാവം!
നിഷ്കളയാമവളെന്തു പിഴച്ചു?
സ്ത്രീ ധരിത്രിയെന്നു സമർത്ഥിച്ചു
സമൂഹത്തിൽ മനസ്സുണർത്തിയ
പ്രവാചകാ! അങ്ങേയ്ക്കു വന്ദനം.

സ്ത്രീ.. നിന്നിലമർന്നയടിമ
ച്ചങ്ങല നൂറ്റാണ്ടുകൾക്കപ്പുറ-
മെന്നേയുടഞ്ഞുപോയ്; അനിശ
മിനിയും നീയുണരുക! എങ്കിലും?
ഹേ! ഭാവിനി, നീയസതിയെന്നു
നിനച്ചു നിൻ സ്ത്രൈണതതയ്ക്കു
ഹരമേകാൻ കൊതിക്കുന്നു
നിരനിരയായ്യുച്ചന്ദ്രങ്ങളിൽ
കഞ്ചിത കരയുന്നിതനവരതം
പ്രേതി നിനക്കായൊരുക്കുന്നു ചിത-
യന്ത്യമെല്ലാമൊരു പിടിച്ചാരമോ?

പഞ്ചപാണ്ഡവർ വേട്ട പാഞ്ചാലിത-
ന്നഴിഞ്ഞ മുടി കോതിയൊതുക്കാൻ
മർത്യകുലനാശം വിതച്ചയാർഷ ഭാരതമെ
നിൻ ജീവതന്തുവാം 'സൂര്യനെല്ലി'-തൻ
രോദനമിന്നാരു കേൾപ്പാൻ ?

തഴമ്പിച്ച കൈകളിൽ ചെങ്കൊടിയും
ത്രസിക്കും മറുകൈയ്യിലരിവാളും
തുടിക്കും ചുണ്ടുകളിൽ കൊയ്ത്തു-
പാട്ടുമായോർമകളിലൊരുകാലം.

കച്ചപ്പുറത്തരമുണ്ടു മുറുക്കി പൊരിയുന്ന
വയറിൽ തിരിയാളുമ്പോളെരിയുന്ന
കനലിലൊരുപിടിയരിയുമായ് ചുറ്റിലും
കരയുന്ന കിടാങ്ങൾക്കീ സ്നേഹ
സാന്ത്വനമുരുവിടുമ്മതൻ
കണ്ണുനീരാരു കാണാൻ?

“ലങ്കാദഹനം” കഴിച്ചെത്തിയ
വീരരാം ഉത്സാരകരെ; നിങ്ങളീ
വിശപ്പിൻ രോദനം കേൾക്കുന്നോ?
ഇനിയും വനഭൂമി നൽകീടാം, തേടുക
സീതയെയീയശോകവനിയിൽ,
നിറഞ്ഞവയറിനുത്തരമില്ലാതെ
പിറന്ന കുഞ്ഞിനായമ്മത്തൊട്ടിലും;
പ്രേരണ; ഇനിയും കാമാർത്തനായി
കഴുകനിരിക്കുന്നു; ചുടുനിശ്വാസ–
ത്തിലലകിടമിളകി പുളകം
മാംസള മൃദുല സുഖം കത്തിയ–
മരുന്നിതൊഴിഞ്ഞ മദ്യകുപ്പികളിൽ:
ചിതറിയ വളപ്പൊട്ടുകളിലെല്ലാ
മൊടുവിലൊരുതുണ്ടു കയറിലും!

ഹേ! ഭാരതപുത്രീ നീയിത്ര പാപിയോ?
രാത്രിയുടെ യാമങ്ങളിൽ നിൻ
മടിശ്ശീല നിറയ്ക്കുവാനുരിയുന്നു
ജീവിതം; ‘ശാസ്ത്രമിനിയുമെത്താത്തിടം’
നിനക്കു കൈനിറയെ സമ്മാനം.
ഇനിയുമെന്തേയീ മൗനം?
“തൊഴിലാളിവർഗ്ഗത്തിൻ പട്ടുകഞ്ചുക
മണിഞ്ഞ നഗ്നതയിലുരുകുന്നിതെത്ര
ജീവിതം; ഇനി നിനക്കുമൊരു ജീവിതം?

കോളേജു പടിവാതിലിൽ പോക്കറ്റു–
മണിയിൽ കുരുത്ത കൗമാരമേ!
വിദേശപ്പണക്കൊഴുപ്പിലൊഴുക്കി–
ലെനിയുമെത്ര കന്യകമാർ ബാക്കി..
നിനക്കുമൊരു വിവാഹം?

സ്ത്രീ! നീ ഭാര്യയുമമ്മയുമായീ
നാടിന്നു നന്മ വിതയ്ക്കേണ്ടവൾ.
സമത്വവാദം നിന്നിലുണർത്തട്ടെ–
യൊരറ്റ മുദ്രാവാക്യമിതുമാത്രം;
സ്വതന്ത്രനാടിൻ മണ്ണിൽത്തല
ചായ്ക്കാൻ, നിവർന്നു നടക്കുവാൻ.
സ്ത്രീ....നീ നിന്നെയറിയുക!

---

രവീന്ദ്രൻ കൈപ്രത്ത്.
(ആർ. കൈപ്രത്ത്.)

*Published in Manorama and Kairali Sovanir (UAE in- 2004)*